പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1187 — 13.06.2013 ൽ മറുപടിക്ക്

## സബ്സിഡി നിരക്കിലുള്ള അരി

| ചോദ്യം<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
|---|---|
| (എ) നഗരപ്രദേശങ്ങളിലെ സപ്ലൈകോയുടെ വില്പന കേന്ദ്രങ്ങളിൽ സബ്സിഡി അരി ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നഗര പ്രദേശങ്ങളിലും, ഗ്രാമ പ്രദേശങ്ങളിലും സപ്ലൈകോയുടെ വിൽപ്പന കേന്ദ്രങ്ങളിൽ സബ്സിഡി നിരക്കിലുള്ള അരി കാർഡൊന്നിന് 20 കിലോ ഗ്രാം ലഭ്യമാണ്. |
| (ബി) സർക്കാർ പ്രഖ്യാപിച്ച അളവിലുള്ള സബ്സിഡി അരിക്കു പകരം പൊതു മാർക്കറ്റ് വിലയ്ക്കുള്ള അരി വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) സർക്കാർ പ്രഖ്യാപിച്ച അളവിലുള്ള സബ്സിഡി അരിക്ക് പകരം പൊതു മാർക്കറ്റ് വിലയ്ക്കുള്ള അരി വിൽപ്പന നടത്തുന്നില്ല. എന്നാൽ പൊതുമാർക്കറ്റിലുള്ള അരി പൊതു വിപണി വിലയേക്കാൾ 20% കുറച്ച് വില്പന നടത്തുന്നുണ്ട്. |
| (സി) സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ ആവശ്യത്തിനു അരി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) സപ്ലൈകോയുടെ വിൽപ്പനശാലകളിൽ 'അരിക്കട' സ്കീമിലൂടെ ആവശ്യത്തിന് അരി സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മട്ടയരി കിലോ ഗ്രാമിന് 16 രൂപയ്ക്കും, പച്ചരി കിലോ ഗ്രാമിന് 21 രൂപയ്ക്കും, മാവേലി കുറുവ അരി കിലോഗ്രാമിന് 19 രൂപയ്ക്കും, ജയ അരി കിലോഗ്രാമിന് 21 രൂപ നിരക്കിലും വിറ്റുവരുന്നു. കൂടാതെ മിതമായ നിരക്കിൽ അരി ലഭിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന അരി ഓപ്പൺ മാർക്കറ്റ് വിൽപ്പന പദ്ധതി വഴി കാർഡൊന്നിന് 15 കിലോഗ്രാം അരികൂടി സപ്ലൈകോ വിതരണ കേന്ദ്രങ്ങളിൽകൂടി വിൽക്കുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ